ചോദ്യോത്തരം
മുജീബ്

# ഖാദിയാനികളുടെ ദിവാ സ്വപ്നം

■ *....മുസ്‌ലിം ലീഗിനുള്ളിലും മുസ്‌ലിംകളിലെ ഇതര മതസംഘടനകൾക്കുള്ളിലും തങ്ങളെ അനുകൂലിക്കുന്ന ശക്തമായ ഒരു ലോബിയെ ഉണ്ടാക്കുന്നതിൽ ജമാഅത്തെ ഇസ്‌ലാമി വിജയിച്ചിരിക്കുന്നു. ജമാഅത്തെ ഇസ്‌ലാമിയെ പണ്ടുമുതലേ വളരെ ശക്തമായി എതിർക്കുന്ന ഏക മുസ്‌ലിം സംഘടന അഹ്മദിയാ ജമാഅത്ത് മാത്രമാണ്. നദ്‌വത്തുൽ മുജാഹിദീനിലെ നല്ലൊരു ഭാഗം സമീപകാലത്തായി മൗദൂദിസ്റ്റുകളെ ഫലപ്രദമായി എതിർക്കാൻ അഹ്മദിയാ ജമാഅത്തുമായി സഹകരിക്കുന്നുണ്ടെന്നത് ശുഭോദർക്കമാണ്. ബാക്കി സകല മുസ്‌ലിം മതസംഘടനകളും ജമാഅത്തെ ഇസ്‌ലാമിയെ തുറന്നെതിർക്കുന്നതിൽ എന്തോ അമാന്തം പുലർത്തുകയാണ്. അഹ്മദിയാ ജമാഅത്തും നദ്‌വത്തുൽ മുജാഹിദീനിലെ ചിലരും ചേർന്ന് ജമാഅത്തെ ഇസ്‌ലാമിയെ നിരോധിക്കണമെന്നാവശ്യപ്പെട്ട് കേരള ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ഭാരതസർക്കാർ ജമാഅത്തെ ഇസ്‌ലാമിയെ രണ്ടുതവണ നിരോധിച്ചിരുന്നു. തദവസരങ്ങളിൽ സർക്കാർ നിരത്തിയ കാരണം ബാലിശമായതിനാലും പ്രോസിക്യൂഷന്റെ കഴിവുകേടുകൊണ്ടുമാണ് ജമാഅത്തെ ഇസ്‌ലാമി രക്ഷപ്പെട്ടത്. ഇപ്പോൾ പരമാവധി തെളിവുകൾ സമാഹരിച്ചുകൊണ്ട് അഹ്മദിയാ ജമാഅത്തിന്റെ നേതൃത്വത്തിൽ മതമൗലികവാദ ഭീകരതയെ ചെറുക്കാൻ നടത്തുന്ന ശ്രമത്തെ മുസ്‌ലിം സമുദായം സർവാത്മനാ പിന്തുണക്കേണ്ടതുണ്ട്.*

*അഹ്മദിയാ ജമാഅത്തും നദ്‌വത്തുൽ മുജാഹിദീനിലെ ഒരു വിഭാഗവും മുസ്‌ലിം ലീഗും ഒരു ഭാഗത്തും ജമാഅത്തെ ഇസ്‌ലാമി, പി.ഡി.പി, ഐ.എൻ.എൽ എന്നീ ഭീകര വീക്ഷണഗതിക്കാർ മറ്റൊരു ഭാഗത്ത്.... (മൗലികവാദത്തിന്റെ മരണമണി എന്ന ശീർഷകത്തിൽ വന്ന കത്തിൽനിന്ന്. സമകാലിക മലയാളം 2010 ഫെബ്രുവരി 17). മുജീബിന്റെ പ്രതികരണം?*

***അബൂനിജാദ് ദമ്മാം***

'ജമാഅത്തെ ഇസ്‌ലാമിയെ പണ്ടുമുതലേ വളരെ ശക്തിയായി എതിർക്കുന്ന ഏക മുസ്‌ലിം സംഘടന അഹ്മദിയാ ജമാഅത്ത് മാത്രമാണ്' എന്ന പ്രസ്താവനയിലെ അവകാശവാദം നൂറു ശതമാനവും ശരിയാണ്; ഏക മുസ്‌ലിം സംഘടനക്ക് പകരം ഏക സംഘടന എന്ന് തിരുത്തിയാൽ. ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ മുസ്‌ലിം ഐക്യം തകർക്കാൻ ബ്രിട്ടീഷ് സാമ്രാജ്യത്വം 'വഹ്‌യ്' നൽകി ഇറക്കിവിട്ട വ്യാജ പ്രവാചകനാണ് മിർസാ ഗുലാം അഹ്മദ്. അയാൾ മുസ്‌ലിംകളെ ഒന്നടങ്കം കാഫിറാക്കി, മുസ്‌ലിം പണ്ഡിതന്മാർ ഒന്നടങ്കം അയാൾ വ്യാജനാണെന്ന് വിധി പ്രസ്താവിക്കുകയും ചെയ്തു. അതിൽ പിന്നെ മുസ്‌ലിം സംഘടനകൾ മറ്റേത് വിഷയത്തിലും അഭിപ്രായ വ്യത്യാസമുണ്ടായാലും ഇക്കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്. പക്ഷേ, വ്യാജ പ്രവാചകന്റെ ആസ്ഥാനം സ്ഥിതി ചെയ്തിരുന്ന പാകിസ്താനിൽ ഖാദിയാനികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കാൻ മുസ്‌ലിം സംഘടനകളുടെ ഏകീകൃതാഭിപ്രായം രൂപവത്കരിച്ചതും അത് ഭരണഘടനയിൽ ഉൾപ്പെടുത്താൻ വിജയകരമായി പ്രയത്നിച്ചതും സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയാണ്. ഖാദിയാനികൾ കൂടി വോട്ട് ചെയ്ത് അധികാരത്തിലേറ്റിയ സുൽഫിക്കർ അലി ഭൂട്ടോയുടെ പി.പി.പി ഗവൺമെന്റിന്റെ കാലത്തുതന്നെ അതംഗീകരിപ്പിക്കാൻ മഹ്ദിയോ മിശിഹായോ നബിയോ ഒന്നുമല്ലാത്ത മൗദൂദിക്ക് കഴിഞ്ഞത് ഖാദിയാനികളുടെ കഠിനമായ പകയും ശത്രുതയും വിളിച്ചുവരുത്തി. അതുകൊണ്ട് സാമ്രാജ്യത്വശക്തികളുടെയും ഇസ്‌ലാമിന്റെ ശത്രുക്കളുടെയും പൂർണ സഹകരണത്തോടെ ജമാഅത്തെ ഇസ്‌ലാമിയെ തകർക്കാൻ ഖാദിയാനികൾ സർവ ശ്രമങ്ങളും നടത്തുന്നു. അതിൽ അവർ വിജയി

ക്കാത്തത് സത്യ പ്രസ്ഥാനത്തെ തകർക്കാനാവില്ല എന്ന ദൈവനിശ്ചയം കൊണ്ട് മാത്രമാണ്. നദ്‌വ ത്തുൽ മുജാഹിദീനോ മറ്റു മുസ്‌ലിം സംഘടനകളോ ഇതിനോട് ആത്മാർഥമായി സഹകരിക്കുന്ന പ്രശ്നമില്ല. ഒറ്റപ്പെട്ട വ്യക്തികൾ ശത്രുവിന്റെ ശത്രു മിത്രം എന്ന നിലപാടിലെത്തിയെങ്കിൽ ഈനാം പേച്ചിക്ക് മരപ്പട്ടി കൂട്ട് എന്നേ കരുതാനുള്ളൂ.

ഇപ്പോൾ ജമാഅത്തെ ഇസ്‌ലാമി ഹിന്ദിനെ നിരോധിക്കാൻ കേരള ഹൈക്കോടതിയിൽ ഹരജി നൽകിയിരിക്കുന്നത് ഖാദിയാനികളാണെന്ന് ചോദ്യത്തിലുദ്ധരിച്ച വരികൾ വ്യക്തമാക്കുന്നു. ഖലീഫ ഉമർ(റ) കുത്തേറ്റ ഉടനെ അദ്ദേഹം ചോദിച്ചു, തന്നെ കുത്തിയവനാരാണെന്ന്. ഒരു മജൂസിയാണെന്ന് സ്വഹാബികൾ മറുപടി പറഞ്ഞപ്പോൾ ആ മഹാന്റെ പ്രതികരണം: അല്ലാഹുവിന്റെ മുമ്പിൽ സുജൂദ് ചെയ്ത ഒരു മുസ്‌ലിമല്ല എന്നെ കുത്തിയത് എന്ന പേരിൽ ഞാൻ അല്ലാഹുവിനെ സ്തുതിക്കുന്നു.' ജമാഅത്തിനെ നിരോധിക്കാൻ ഹരജി കൊടുത്തവനെ കുറിച്ച് ഇതുതന്നെ പറയാം. പിന്നെ കോട തിയിൽ അയാൾ സമർപ്പിച്ച തെളിവുകളുടെ കാര്യം; കാണാൻ പോവുന്ന പൂരം പറഞ്ഞറിയിക്കേ ണ്ടല്ലോ. അടിയന്തരാവസ്ഥയിലാണ് ആദ്യ തവണ ജമാഅത്തിനെ നിരോധിച്ചത്. തെരഞ്ഞെടുപ്പ് തോൽവിയെത്തുടർന്ന് അടിയന്താരവസ്ഥ ഇന്ദിരാ ഗാന്ധി പിൻവലിച്ചപ്പോൾ നിരോധവും പിൻവ ലിച്ചു. രണ്ടാം നിരോധം 1992 ഡിസംബർ ആറിലെ ബാബരിധ്വംസനത്തെത്തുടർന്നായിരുന്നു. അന്ന് സുപ്രീം കോടതി എല്ലാ വശങ്ങളും പരിശോധിച്ച ശേഷം തന്നെയാണ് നിരോധം റദ്ദാക്കിയത്. സുപ്രീം കോടതി വിധി വന്ന ശേഷവും നിരോധത്തെ ബന്ധപ്പെട്ട ട്രൈബ്യൂണൽ ശരിവെച്ചിരുന്നു. പക്ഷേ, വീണ്ടും സുപ്രീം കോടതി റദ്ദാക്കി. ബാബരി ധ്വംസനത്തെക്കുറിച്ചന്വേഷിച്ച ലിബർഹാൻ കമീഷൻ 17 വർഷത്തിനു ശേഷം സമർപ്പിച്ച റിപ്പോർട്ടിൽ അന്ന് നിരോധിക്കപ്പെട്ട സംഘ്പരിവാർ സംഘടനകളുടെ കുറ്റകൃത്യത്തിലെ പങ്ക് സംശയാതീതമായി അനാവരണം ചെയ്തിട്ടുണ്ട്. ജമാഅത്തെ ഇസ്‌ലാമിക്കോ? അതേപ്പറ്റി പരാമർശം പോലും കമീഷൻ റിപ്പോർട്ടിലില്ല. അതിനർഥം നിരോധം മുച്ചൂടും തെറ്റായിരുന്നു എന്നുതന്നെ. ഖാദിയാനികളും സെക്യുലരിസ്റ്റുകളും പുരോഹി തന്മാരും അവിശുദ്ധ മുന്നണിയുണ്ടാക്കി തകർക്കാൻ ശ്രമിച്ചാലും ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി സത്യത്തിനായുള്ള പോരാട്ടം തുടരും. അവസരവാദ വിരുദ്ധ മുന്നണികൾ നീർക്കുമിളകളെപ്പോലെ അൽപായുസ്സാവുകയും ചെയ്യും.

## ഇസ്‌ലാമിക സംസ്കാരത്തിനെതിരെ

■ *"ഇസ്‌ലാം നിലവിൽ വന്നിട്ട് നൂറ്റാണ്ട് പതിനാല് പിന്നിട്ടെങ്കിലും ലോകത്ത് എല്ലായിടത്തുമുള്ള മുസ്‌ലിംകൾ ഇപ്പോഴും അവരുടെ പ്രാർഥന (അഞ്ചു നേരത്തെ നമസ്കാരം) നിർവഹിക്കുന്നത് അറബി ഭാഷയിലാണ്. മതവിശ്വാസ പ്രകാരം സർവജ്ഞനാണ് അല്ലാഹു എന്ന ദൈവം. അദ്ദേഹ ത്തിന് അറബിഭാഷ മാത്രമല്ല ഇംഗ്ലീഷും ഫ്രഞ്ചും ജർമനും സകല ഭാഷകളും നന്നായി മനസ്സിലാ വും. എന്നിട്ടും മലയാളി മുസ്‌ലിമും തമിഴ് മുസ്‌ലിമും മറാത്തി മുസ്‌ലിമുമൊക്കെ എന്തിനാണ് തങ്ങളുടെ മാതൃഭാഷ ഉപേക്ഷിച്ച് അറേബ്യക്കാരുടെ ഭാഷയിൽ പ്രാർഥിക്കുന്നത്? കാരണം സ്പ ഷ്ടം. ഇന്ത്യയിലെയും മറ്റു അറേബ്യൻ രാജ്യങ്ങളിലെയും മുസ്‌ലിംകൾ അറേബ്യയുടെ കൾച്ചറൽ ഇംപീരിയലിസത്തിൽ (അറേബ്യൻ സാംസ്കാരികാധിനിവേശത്തിന്) കീഴ്പ്പെടുന്നു.*

*അറേബ്യൻ സംസ്കാരത്തിന്റെ അധിനിവേശം മുഴങ്ങി നിൽക്കുന്ന മറ്റൊരു മേഖലയാണ് മുസ്‌ലിം കൾ അറബിയിൽ നിർവഹിക്കുന്ന ബാങ്ക് വിളി. പ്രാർഥനക്കുള്ള ക്ഷണമാണ് ബാങ്ക്. ബാങ്കിലെ അയ്യഅലസ്വലാത് എന്ന വരിയുടെ അർഥം പ്രാർഥനക്ക് വരൂ എന്നാണ്. അയ്യഅലൽ ഫലാഹ് എന്നതിന്റെ അർഥം മോക്ഷത്തിലേക്ക് വരൂ എന്നും. അറേബ്യയിൽ അന്നാട്ടിലെ ജനങ്ങളുടെ മാതൃ ഭാഷയായ അറബിയിൽതന്നെ വേണം ബാങ്ക് വിളി. പക്ഷേ മലയാളക്കരയിൽ ജീവിക്കുന്ന മുസ്‌ലിം എന്തിനാണ് മലയാളത്തിനു പകരം അറബിയിൽ ബാങ്ക് വിളിക്കുന്നത്? തങ്ങൾക്കും ഇന്നാട്ടിലെ ഇതര മതക്കാർക്കും മനസ്സിലാകുന്ന ഭാഷയിൽ അത് നടത്തുന്നതല്ലേ ഏതു നിലക്കും കാമ്യം. എങ്ങനെ നോക്കിയാലും മനോഹരം. പ്രാർഥനയിലും ബാങ്ക് വിളിയിലും മാത്രമല്ല, അഭിവാദന ത്തിൽ പോലും നമ്മുടെ നാട്ടിലെ മുസ്‌ലിംകൾ പലരും അറേബ്യൻ സംസ്കാരത്തിന്റെ അധിനിവേ ശത്തിനു വഴങ്ങുന്നു. 'അസ്സലാമു അലൈക്കും' എന്നത് അറബികളുടെ അഭിവാദന രീതിയാണ്. മലയാളം സംസാരിക്കുന്ന കേരളീയ മുസ്‌ലിം തത്തയെപ്പോലെ അറേബ്യൻ അഭിവാദനം ഉരുവിടേ ണ്ടതില്ല. മുസ്‌ലിമേതര മലയാളികളെപ്പോലെ മുസ്‌ലിം മലയാളിക്കും 'നമസ്തേ' കൊണ്ടോ 'നമ*

*സ്കാരം' കൊണ്ടോ 'കൂപ്പ് കൈ' കൊണ്ടോ ഒക്കെ നിർവഹിക്കാവുന്നതേയുള്ളൂ......... അറേബ്യൻ സംസ്കാരത്തോട് അവർക്കുള്ള അന്ധമായ വിധേയത്വമല്ലാതെ മറ്റൊന്നുമല്ല നാമിവിടെ കാണുന്നത്" ('അറേബ്യയോട് എന്തിനാണ് വിധേയത്വം' ഹമീദ് ചേന്ദമംഗല്ലൂർ,* മാതൃഭൂമി *ആഴ്ചപ്പതിപ്പ് 2010 മാർച്ച് 7). മുജീബിന്റെ പ്രതികരണം?*

***കെ.പി റഫീഖ്, ചാലാട്, കണ്ണൂർ***

**ഹ**മീദിന്റെ അൾട്രാ സെക്യുലരിസത്തിന്റെ കുന്തമുന ജമാഅത്തെ ഇസ്‌ലാമിക്കെതിരെ തിരിച്ചുവെച്ചപ്പോൾ 'ജയ്ഹോ' വിളിച്ചുകൊണ്ടാടുന്നവരൊക്കെ ഇപ്പോൾ എന്തു പറയുന്നുവെന്ന് അറിയാൻ കൗതുകമുണ്ട്. മുമ്പേ ചൂണ്ടിക്കാട്ടിയതാണ്, ഹമീദിനെതിർപ്പ് ജമാഅത്തിനോടല്ല സാക്ഷാൽ ഇസ്‌ലാമിനോടാണെന്ന്, ഇസ്‌ലാമിനെ സമ്പൂർണമായും സമഗ്രമായും അവതരിപ്പിക്കുന്ന പ്രസ്ഥാനമെന്ന നിലയിലാണ് ഹമീദ് ജമാഅത്തിനെ കഠിനമായും അന്ധമായും എതിർക്കുന്നതെന്ന്. പക്ഷേ, മൂക്കിനപ്പുറം കാണാത്ത നമ്മുടെ ചില മതസംഘടനകൾക്ക് അത് മനസ്സിലാക്കാനായില്ല. ഇപ്പോഴിതാ, ഹമീദിലെ കമാലിസം മറനീക്കി പുറത്തുവന്നിരിക്കുന്നു. ബാങ്കും നമസ്കാരവും സലാമുമൊക്കെ പ്രാദേശിക ഭാഷകളിൽ വേണം! മറ്റൊരു വസ്തുത, ബുദ്ധിജീവി നാട്യത്തിൽ ഹമീദ് എഴുതുന്നതിനൊക്കെ മഷി പുരട്ടുന്ന പ്രസിദ്ധീകരണങ്ങളുടെ ഇരട്ടത്താപ്പുമാണ്. ശബരിമലയിൽ സ്ത്രീകളെ പ്രവേശിപ്പിക്കണെന്നും ഗുരുവായൂരിൽ അഹിന്ദുക്കൾക്ക് പ്രവേശനം തടയാൻ പാടില്ലെന്നും അബ്രാഹ്മണരെ പൂജാരികളാക്കാമെന്നുമൊക്കെ ഹൈന്ദവരിലെ പരിഷ്കരണവാദികൾ പറഞ്ഞാൽ ഇതേ പത്രങ്ങൾ സ്ഥലമനുവദിക്കുകയില്ല. സ്വന്തം മതത്തിന്റെ കാര്യം വരുമ്പോൾ തനി പഴഞ്ചൻ യാഥാസ്ഥിതികരുടെ കൂടെയാണ് ഈ മാധ്യമങ്ങൾ. 'പുരോഗമനവും പരിഷ്കരണവുമൊക്കെ' ഇസ്‌ലാമിൽ മതി എന്നാണ്! അന്ധവിശ്വാസത്തിന്റെ മകുടോദാഹരണങ്ങളായ ജ്യോത്സ്യത്തിനും ചൊവ്വാദോഷത്തിനും ദേവപ്രശ്നത്തിന് പോലും ഈ മാധ്യമങ്ങൾ കൽപിക്കുന്ന ദിവ്യത്വവും പരിശുദ്ധിയും കാണേണ്ടതാണ്. ക്രിസ്തുമതത്തെക്കുറിച്ച് ജോസഫ് പുലിക്കുന്നലിന് വല്ലതും എഴുതണമെങ്കിൽ അദ്ദേഹത്തിന്റെ 'ഓശാന' തന്നെ വേണം. മറിച്ച് ഹമീദുമാർക്ക് ഇസ്‌ലാമിനെ കൊന്നു കൊല വിളിക്കാൻ ഉദാരമായി പത്രസ്ഥലവും ദൃശ്യമാധ്യമങ്ങളിൽ സമയവും. ഈ വൈരുധ്യത്തിലടങ്ങിയ ഒളി അജണ്ട ആർക്കും തിരിഞ്ഞില്ല എന്ന് കരുതരുത്.

ഇസ്‌ലാമിന് സാർവ ലൗകികമായൊരു സംസ്കാരമുണ്ട്. ആ സംസ്കാരം ലോകത്തെങ്ങുമുള്ള മുസ്‌ലിംകളുടെ വ്യക്തിത്വവും വ്യതിരിക്തതയുമാണ്. ഇതര സംസ്കാരങ്ങളിൽ അവരെ ലയിപ്പിക്കുകയല്ല, ഇസ്‌ലാമിക സംസ്കാരത്തിൽ അവരെ ഉറപ്പിച്ചുനിർത്തുകയാണ് ഇസ്‌ലാം. അറബി ഭാഷയിലെ ബാങ്കും നമസ്കാരവും സലാമുമെല്ലാം ഇസ്‌ലാമിന്റെ ചിഹ്നങ്ങളാണ്. അവയെല്ലാം പ്രാദേശിക ഭാഷകളിലേക്ക് ഭാഷാന്തരം ചെയ്ത് പരസ്പരം കണ്ടുമുട്ടിയാൽ അഭിവാദ്യം ചെയ്യാൻ പോലും കഴിയാത്തവരായി മുസ്‌ലിംകളെ ശിഥിലീകരിക്കാൻ സാഹോദര്യത്തിന്റെ സന്ദേശമുയർത്തുന്ന ഇസ്‌ലാം ഉദ്ദേശിച്ചിട്ടില്ല. അല്ലാഹുവിന് എല്ലാ ഭാഷയും തിരിയും; ഒരു ഭാഷയിലും സംസാരിച്ചില്ലെങ്കിലും മനസ്സിലിരിപ്പ് അവനറിയും. മനുഷ്യന് വേണ്ടിയാണ് ഭാഷ. ലളിതവും സുന്ദരവുമായ ഖുർആന്റെ ഭാഷ ലോകത്തെങ്ങുമുള്ള മുസ്‌ലിംകൾ പഠിക്കണമെന്നും മനസ്സിലാക്കണമെന്നും ഇസ്‌ലാം തീരുമാനിച്ചത് പ്രാദേശിക ഭാഷാ ഭേദങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ മുസ്‌ലിംകൾക്ക് ഒരു പൊതു ഭാഷ ഉണ്ടായിരിക്കാൻ വേണ്ടിയാണ്. ആയിരത്തിനാനൂറ് സംവത്സരങ്ങളായി സംസാര ഭാഷയും സാഹിത്യ ഭാഷയുമായി അറബി നിലനിൽക്കാൻ കാരണവും ഖുർആന്റെ ഭാഷ അതായതുകൊണ്ടാണ്. പുറമെ, ബാങ്കോ നമസ്കാരമോ അറബിയിതര ഭാഷകളിൽ നിർവഹിച്ചാൽ ശക്തിയോ ഭക്തിയോ സൗന്ദര്യമോ അതിനുണ്ടാവില്ല. കൂപ്പുകൈയോ നമസ്കാരമോ വണക്കമോ ഒന്നും സമാധാനം എന്ന അർഥമുള്ള സലാമിന് പകരം നിൽക്കുകയില്ല താനും. ഇത് അറേബ്യൻ കൾച്ചറൽ ഇംപീരിയലിസമാണെന്ന് മുദ്രകുത്തുന്നത് ശുദ്ധ വിവരക്കേടാണ്. ഇസ്‌ലാമിന് മുമ്പ് അറബികൾ അഭിവാദ്യം ചെയ്തിരുന്നത് അൽഇം സബാഹൻ, അൽഇം മസാഅൻ (ഗുഡ്മോണിംഗ്, ഗുഡ് ഈവനിംഗ്) എന്ന് പറഞ്ഞുകൊണ്ടായിരുന്നു. ഇന്നും അറബികളുടെ അഭിവാദ്യം സ്വബാഹൽ ഖൈർ, മസാഅൽ ഖൈർ (ഗുഡ്മോണിംഗ്, ഗുഡ് ഈവനിംഗ്) എന്നുതന്നെ. അസ്സലാമു അലൈക്കും എന്ന അഭിവാദ്യം ഇസ്‌ലാമിക സംസ്കാരമാണ്; അറബി സംസ്കാരമല്ല. സലാം ആരോടും പറയാം. അതിൽ മുസ്‌ലിം, അമുസ്‌ലിം വ്യത്യാസമില്ല. സമാധാനം ഭവിക്കട്ടെ എന്ന് അറബിയിൽ പറഞ്ഞാൽ ഇസ്‌ലാം വിരോധം തലക്ക് പിടിച്ചവരെയല്ലാതെ അത് അലോസരപ്പെടുത്തുകയില്ല.

'ജയ്ഹിന്ദ്' എന്ന് ഹിന്ദിക്കാരനും മലയാളിയും മറാത്തിയും തമിഴനും ബംഗാളിയുമെല്ലാം ഒരുപോലെ പറയുന്നു. അതിന് അവരരവരുടെ ഭാഷയിൽ പരിഭാഷ ഇല്ലാഞ്ഞിട്ടാണോ? ദേശീയമായ ഏകതയെ ദ്യോതിപ്പിക്കുന്നതാണ് ജയ്ഹിന്ദ്. എല്ലാ രാജ്യക്കാർക്കുമുണ്ട് പൊതുവായ ഒരു ഉപചാര ഭാഷ. മുസ്ലിമിന് മാത്രം അത് അഹിതകരമാണെന്ന വാദം ഇസ്ലാമിനോടും അതിന്റെ സംസ്കാരത്തോടുമുള്ള കുടിപ്പകയിൽനിന്ന് ഉടലെടുക്കുന്നതാണ്.

## ലൗ ജിഹാദ് ഉണ്ടെന്ന് തന്നെ?

■ *'...... ലൗ ജിഹാദ് തഴച്ചുവളരുന്നതും ഈ മൊബൈൽ വേലിയേറ്റത്തിലാണ്. പെൺകുട്ടികളുടെ മൊബൈൽ നമ്പർ എങ്ങനെയെങ്കിലും കരസ്ഥമാക്കി ഒരു മിസ്ഡ് കോളിൽ തുടങ്ങുന്ന ബന്ധം ഒളിച്ചോടലിൽ അവസാനിക്കുന്നു. ഈ ട്രെന്റ് മനസ്സിലാക്കിയ മുസ്ലിം യുവാക്കൾ ഹിന്ദു-ക്രിസ്ത്യൻ പെൺകുട്ടികളെ മൊബൈലിൽ കുടുക്കി പ്രേമം നടിച്ച് കടത്തിക്കൊണ്ടുപോയി മദ്റസകളിൽ എത്തിച്ച് മതപരിവർത്തനം നടത്തി വിവാഹം ചെയ്യുന്നുണ്ട്. അധികൃതർ എത്ര നിഷേധിച്ചാലും ലൗ ജിഹാദ് എന്നത് കേരളത്തിൽ ഒരു യാഥാർഥ്യമാണെന്ന് പല കുടുംബയോഗങ്ങളിലും സ്കൂൾ ആനിവേഴ്സറികളിലും പങ്കെടുക്കുന്ന എനിക്ക് അറിയാം. അഭ്യസ്തവിദ്യരായ പെൺകുട്ടികൾ പോലും മൊബൈൽ വഴി പ്രേമബദ്ധരാകുന്നത് വിദ്യാഭ്യാസവും ജോലിയും ഇല്ലാത്ത മുസ്ലിം യുവാക്കളുമായാണ്. സൗന്ദര്യത്തിൽ വീഴ്ത്തിയോ, വീട്ടിൽ സ്നേഹം കിട്ടാത്ത പെൺകുട്ടികൾക്ക് വാരിക്കോരി സ്നേഹം കൊടുത്ത് വശീകരിച്ചോ അവരെ ഖുറാൻ പഠിപ്പിക്കുന്നു. എന്നിട്ട് കടത്തിക്കൊണ്ടുപോയി മതംമാറ്റി വിവാഹം കഴിക്കുന്നു..... (ജന്മഭൂമി എഡിറ്റർ ലീലാ മേനോൻ, കേസരി അഭിമുഖം 28.2.2010 ഇന്റർനെറ്റ് പതിപ്പ്).*

*മുജീബിന്റെ പ്രതികരണം?*

***സലീം തണലോട്ട് ജിദ്ദ***

**ഹി**ന്ദു മുസ്ലിമിന്റെ കൂടെയും ക്രിസ്ത്യാനിയുടെ കൂടെയും, മുസ്ലിം ഹിന്ദുവിന്റെ കൂടെയും ക്രിസ്ത്യാനിയുടെ കൂടെയും നേരെ തിരിച്ചുമൊക്കെ പോകുന്നുണ്ട്. ലീലാ മേനോൻ താമസിക്കുന്ന എറണാകുളത്തുതന്നെ അടുത്ത ദിവസങ്ങളിലായി എത്ര മുസ്ലിം യുവതികൾ ഹിന്ദു യുവാക്കളുടെ കൂടെ ഇറങ്ങിത്തിരിച്ചിട്ടുണ്ട് എന്നൊന്ന് അന്വേഷിക്കുമോ? അവരിൽ എത്ര പേർ മതം മാറിയിട്ടുണ്ട് എന്ന വിവരമുണ്ടോ? ഏകപക്ഷീയമായി നടക്കുന്ന ഒരു സംഭവമല്ല ഇത്. ചിലതിന് മാത്രം ലൗ ജിഹാദ് എന്ന് പേര് നൽകി കോലാഹലമുണ്ടാക്കുന്നതാണ് പ്രശ്നം. ഒരു യുവതിയും രക്ഷിതാക്കളുടെ അറിവും സമ്മതവുമില്ലാതെ ആരുടെ കൂടെയും ഇറങ്ങിത്തിരിക്കരുത്. പെറ്റുപോറ്റിയവരോടുള്ള നന്ദികേടാണത്. ആദർശപ്പൊരുത്തമില്ലാത്ത ബന്ധങ്ങളിലേർപ്പെടുന്നതും പിന്നീട് തീർത്താൽ തീരാത്ത ഖേദത്തിന് ഇടവരുത്തും. പക്ഷേ, ഒരു മതത്തിലേക്ക് മാത്രമായി സംഘടിതമായ ഒരു റിക്രൂട്ട്മെന്റും നടക്കുന്നില്ല എന്നതാണ് അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുത. ■